**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 445** **08-06-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാർ പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | മുൻ സർക്കാർ, പട്ടാമ്പി മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, സമ്പൂർണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടു കൂടി നടത്തുന്ന PPS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന തിനായി വിതരണ മേഖലയിൽ കെ. എസ്. ഇ. ബി. എൽ -ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി' പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതികളിൽ ഉൾപ്പെടുത്തി 74.43 കി. മീ എച്ച്.ടി ലൈനും, 135.84 കി. മീ എൽ.ടി ലൈനും നിർമിക്കുകയും, 104 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 17017പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി 83.4 ലക്ഷം രൂപ ചെലവഴിക്കുകയും ഇതിൽ 25 ലക്ഷം രൂപ MLA യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കുകയും 645 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. (പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ ചുവടെ ചേർക്കുന്നു 1. കൊപ്പം 110 കെ.വി. സബ്സ്റ്റേഷനിൽ 110/11 കെ.വി എം.വി.എ ട്രാൻസ്ഫോർമർ മാറ്റി 110/11 കെ.വി 12.5 എം.വി.എ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചു. 2. പട്ടാമ്പി – കീഴായൂരിൽ ഒരു 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇതിന്റെ 80% പ്രവൃത്തികൾ പൂർത്തിയായി. 3. പട്ടാമ്പി - തിരുമിറ്റക്കോട് 110 കെ.വി ഡി.സി ലൈനിന്റെ (4km) നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിച്ചു) കൂടാതെ വിളയൂർ, കുളക്കുത്തൂർ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട ഉപഭോക്തൃ സേവനം ഉറപ്പ വരുത്തുന്നതിനായി വിളയൂർ കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് ഡിസംബർ 2019 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പട്ടാമ്പിയിൽ ഒരു മിനി വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനായി 130 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർ പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. |
| (ബി) | 2021-26 കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 1. 2021-26 കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ ഉൾപ്പെടുന്ന വല്ലപ്പുഴയിൽ ഒരു 33 കെ.വി സബ്സ്റ്റേഷനും അതിനോടനുബന്ധിച്ചുള്ള 33 കെ.വി ലൈനിന്റെയും നിർമ്മാണത്തിനുള്ള നിർദ്ദേശം വേണ്ട സാങ്കേതിക പഠനത്തിനു ശേഷം പരിശോധിക്കുന്നതാണ്. 2. പണി പൂർത്തികരിച്ചുകൊണ്ടിരിക്കുന്ന പട്ടാമ്പി 110 കെ.വി സബ്സ്റ്റേഷനെ പട്ടാമ്പി ടൗൺ 33 കെ.വി സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന തിനുള്ള ഒരു 33 കെ.വി ലൈൻ നിർമ്മിക്കുന്ന തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇപ്പോൾ പട്ടാമ്പി നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടന്നു വരുന്ന ‘ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈ ടെൻഷൻ / ലോ ടെൻഷൻ ശൃംഖല വിപുലീകരിക്കുന്നതിനായി 21 കോടി രൂപയുടെ പ്രവൃത്തികൾ 2023-ഓടു കൂടി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. മറ്റു ദീർഘകാല പ്രവൃത്തികളുടെ രൂപരേഖ തയ്യാറായി വരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം’ പദ്ധതി, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ് "പദ്ധതി, കെ ഫോൺ പദ്ധതി എന്നിവയും പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ